103 (1321) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ പത്തു കൊല്ലത്തിലധികം കാലം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരെത്ര പേരുണ്ടെന്നും അവർ ആരൊക്കെയാണെന്നും അവർക്ക് ഏതൊക്കെ തീയതികളിൽ ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ചു നൽകി എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യക്തികളിൽ എത്രപേർക്ക് കമ്പ്യൂട്ടർ ശാസ്ത്രത്തിൽ അടിസ്ഥാന ബിരുദമുണ്ട്;

(സി) പത്തുവർഷത്തിലധികം കാലമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നവരുടെ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് പകരം കമ്പ്യൂട്ടർ ശാസ്ത്രത്തിൽ അടിസ്ഥാന ബിരുദമുള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്നുപേർ.

1. വി. മാധാകൃഷ്ണൻ നായർ പേഴ്സണൽ അസിസ്റ്റന്റ് - 1.6.83 മുതൽ
2. എം. മധുസൂദനൻ നായർ, അറ്റൻഡർ - 2.7.84 മുതൽ
3. കെ. ശശിധരൻ നാടാർ, പ്യൂൺ - 9.12.85 മുതൽ

(ബി) ആർക്കും തന്നെ ഇല്ല.

(സി) മേൽപ്പറഞ്ഞ തസ്തികകളിൽ സേവനത്തിന് കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമില്ല.

104 (1322) പിന്നോക്ക സമുദായങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽനിന്നും പിന്നോക്കസമുദായങ്ങൾക്കായി ഏതെല്ലാം വിദ്യാഭ്യാസാനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കേന്ദ്രത്തിൽനിന്നും ഇതിനായി എത്ര തുക ലഭിച്ചു; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പുതുതായി ഏതെല്ലാം സ്ഥാപനങ്ങൾ ഈ തുക ഉപയോഗിച്ച് ആരംഭിച്ചു; നിലവിലുള്ള ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം നൽകി; ഓരോ ഇനത്തിലും എത്ര;

(ഡി) ഈ പദ്ധതികൾക്കായി 1991-96 കാലഘട്ടത്തിൽ എത്ര തുക ലഭിച്ചു; എത്ര തുക ചെലവാക്കാൻ കഴിഞ്ഞു;

(ഇ) ഈവർഷം ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതം കിട്ടി?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പിന്നോക്കസമുദായങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യം എന്ന നിലയിൽ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷങ്ങൾ കൂടുതലായി താമസിക്കുന്ന ജില്ലകളിൽ പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിപ്രകാരം രണ്ട് ഗഡുക്കളായി ഗ്രാന്റ് ലഭിച്ചിട്ടുണ്ട്.

(ബി) 1994-95 - 35.10 ലക്ഷം രൂപ

1995-96 - 70.32 ലക്ഷം രൂപ

1997-98 - 105.48 ലക്ഷം രൂപ

എന്നീ ക്രമത്തിൽ ലഭിച്ചു.

(സി) മലപ്പുറം

1. ജാമിയ നദിവിയ്യ ട്രസ്റ്റ് ബോർഡ് ഇടവണ്ണ.
2. എടക്കര മുസ്ലീം ഓർഫനേജ് കമ്മിറ്റി.
3. പൊന്നാന്നി താലൂക്ക് മുസ്ലീം ഓർഫനേജ്.
4. ജാമിയ ബാലഫിയ എഡ്യൂക്കേഷൻ അസോസിയേഷൻ, പുളിക്കൽ.
5. മൗതത്തുൽ ഇസ്ലാമിക് അസോസിയേഷൻ.
6. വസ്സബീഗ് അസോസിയേഷൻ.
7. എനാത്തുൾ ഇസ്ലാമിക് മദ്രസ കമ്മിറ്റി.
8. നരയാണയത്ത് ഇസ്ലാമിക് സെന്റർ.
9. അൽദൗസർ മുസ്ലീം വെൽഫെയർ ബോർഡ്.
10. ഇലമായം യത്തീംഖാന, വാഴക്കാട്.
11. ഇഹയത്തുൾ ഇസ്ലാം സംഘം, കസിയിൽ.
12. മലയാത്തൂർ ഇസ്ലാം ഓർഫനേജ്, ഇളയൂർ.
13. ജംഹയാത്തുൾ മുസ്ലീവിൻ സംഘം.
14. വിളയിൽ പരവൂർ സി.ബി.എം.എസ്. യത്തീംഖാന.
15. ജംഹയാത്തുൾ മുസ്ലീവിൻ പരത്തക്കാട്, തിരൂർ.
16. ജംഹയാത്തുൾ നർഭിയത്തിൽ ഇസ്ലാമിക് ജസൽ, തിരൂർ.
17. ജംഹയാത്തുൾ സലഹീയൽ, പരവന്ന.
18. ഇസ്ലാമിക് ചാരിറ്റബിൽ സൊസൈറ്റി, തിരൂർ.
19. എം.ഇ.എസ്. ഇറിബിലയം.
20. അർമജിലിസാ ലീസ്വത്തിൽ ഇസ്ലാമിയ, പൂറവത്തൂർ.
21. വാർലക്തുൽ മുസ്ലീം എഡ്യൂക്കേഷണൽ ട്രസ്റ്റ്, നെല്ലിശ്ശേരി
22. വകടുവീയ ഇസ്ലാമിക് കൾച്ചറൽ കോംപ്ലക്സ്.
23. കേരളാ അഡൽറ്റ് ലിറ്ററസി മൂവ്മെന്റ്, അരിയ്ക്കോട്.
24. എം.ഇ.എസ്. തൃക്കണ്ണപുരം.

LIBRARY ARCHIVES Kerala Legislative Assembly

വയനാട്

1. പനമരം ഇസ്ലാമിക് കൾച്ചറൽ ആന്റ് എഡ്യൂക്കേഷണൽ സൊസൈറ്റി.

കോഴിക്കോട്

1. ഇസ്ലാമിക് എഡ്യൂക്കേഷണൽ മൂവ്മെന്റ്, ഫെറോക്ക്
2. കൊടുവള്ളി മുസ്ലീം ഓർഫനേജ് കമ്മിറ്റി.
3. സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ ട്രസ്റ്റ്, അല്ലിയാപ്പുക്കൽ

പാലക്കാട്

1. എം.ഇ.എസ്. ഇടത്തനാട്ടുകര
2. ഇസ്ലാമിക് കൾച്ചറൽ സൊസൈറ്റി, കർക്കിടംകുന്ന്.

കാസർഗോഡ്

1. ഇസ്ലാമിക് കൾച്ചറൽ ആന്റ് എഡ്യൂക്കേഷണൽ ചാരിറ്റ ബിൾ സൊസൈറ്റി

മലപ്പുറം, വയനാട് കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിലാണ് സ്കൂളുകൾ നടത്തുവാൻ അനുവാദം നൽകിയിട്ടുള്ളത്. ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഇത് പ്രകാരം തിരഞ്ഞെടുത്ത 40 സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. (എൽ.പി.എസ്സിൽ 3.6 ലക്ഷവും, യു.പി.എസ്സിൽ 2.86 ലക്ഷം രൂപയും എച്ച്.എസ്സിൽ 15 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.)

(ഡി) 1991-നും 1996-നും ഇടയിൽ 1994-95 വർഷത്തിൽ 35.16 ലക്ഷം രൂപയും 1995-96 വർഷത്തിൽ 70.82 ലക്ഷം രൂപയും ലഭിച്ചു. ഇതിൽ 3.6 ലക്ഷം രൂപ ഒഴികെ ബാക്കി മുഴുവൻ തുകയും ചെലവാക്കിയിട്ടുണ്ട്. 1997-98 വർഷത്തിൽ ലഭിച്ച 105.48 ലക്ഷം രൂപയിൽ 8.28 ലക്ഷം രൂപ ഒഴികെ ബാക്കി തുക മുഴുവൻ ചെലവഴിച്ചു. ബഹുമാനപ്പെട്ട കോടതിയിൽ നിലനിൽക്കുന്ന ചില ഒ. പി. കേസ്സുകൾ തീർപ്പാക്കിയാൽ മാത്രമേ ബാക്കി തുകയും ചെലവഴിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) ഈ വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

105 (1323) ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസിനെ ലാബറട്ടറി അറ്റൻഡർമാരായി നിയമിക്കുന്നതിന് നടപടി

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂളുകളിലെ യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസിനെ ലാബറട്ടറി അറ്റൻഡർമാരായി നിയമിക്കണമെന്നതു സംബന്ധിച്ച് ഒരു നിവേദനം കേരള എയ്ഡഡ് സ്കൂൾ നോൺ ടീച്ചിംഗ് സ്റ്റാഫ് അസോസിയേഷനിൽ നിന്ന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം നിയമിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly